# ലിറ്റിൽ കൈറ്റ്സ്

## ജി എച്ച് എസ് എസ് കൊടുവള്ളി

### മാസാന്ത്യ വാർത്താപത്രിക

ഡിസംബർ 2023

ചീഫ് എഡിറ്റർ :അഭിനവ് സൂരജ്   എഡിറ്റർ : അശ്വന്ത് സുനീഷ്   നാജിയ ജെബിൻ   അൻസ എ എസ്   ഹുദാ ഷബീർ   ദാലിൻ ഫാത്തിമ   നിദ ഫാത്തിമ

## ഭിന്നശേഷി ദിനാചരണം



കൊടുവള്ളി : കൊടുവള്ളി ഗവൺമെൻറ് ഹയർ സെക്കൻ ഡറി സ്കൂളിൽ ലോക ഭിന്നശേഷി ദിനാചരണം വിവിധ പരിപാടികളോ ടെ സംഘടിപ്പിച്ചു. പ്രത്യേകം അസംബ്ലി ചേർന്ന് കുട്ടികളെ അനുമോദിക്കുകയും ദിനാചരണത്തോടനുബന്ധിച്ച് നടത്തിയ വിവിധ മത്സരങ്ങളിലെ വിജയികൾക്ക് സമ്മാനം നൽകുകയും ചെയ്തു. ഭിന്നശേഷിക്കാരായ മനുഷ്യർ നേരിടുന്ന പ്രശ്നങ്ങളെ കുറിച്ച് അവബോധം സൃഷ്ടിക്കുകയും അവരുടെ അന്തസ്സിനും അവകാശത്തിനും ക്ഷേമത്തിനും വേണ്ടിയുള്ള പിന്തുണ ഉറപ്പാക്കുകയും ആണ് ദിനാചരണം കൊണ്ട് ലക്ഷ്യമിടുന്നത് ഭിന്നശേഷി ദിനാചരണത്തോടനുബന്ധിച്ച് സ്കൂളിൽ അവർക്ക് പ്രത്യേകം കായിക മത്സരം നടത്തി . വിജയികൾക്ക് സമ്മാനവിതരണവും നടത്തി. പ്രധാന അധ്യാപകൻ ടി അസീസ് സർ അധ്യക്ഷത വഹിച്ച ചടങ്ങിൽ ഷിദ ടീച്ചർ സ്വാഗതം പറഞ്ഞു. സ്റ്റാഫ് സെക്രട്ടറി ഒ കെ മധു സാർ യു പി എസ് ആർ ജി കൺവീനർ ബഷീർ സാർ. മുസ്തഫ സാർ . മിനി ടീച്ചർ, മുഫീദ ടീച്ചർ ,റീഷ ടീച്ചർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു. ഭിന്നശേഷി മാസാചരണത്തോടനുബന്ധിച്ച് യുപി വിഭാഗത്തിൽ പോസ്റ്റർ നിർമ്മാണ മത്സരവും ഹൈസ്കൂൾ വിഭാഗത്തിൽ ഭിന്നശേഷി സൗഹൃദ വിദ്യാലയം എന്ന വിഷയത്തിൽ ഡിജിറ്റൽ പോസ്റ്റർ നിർമ്മാണ മത്സരവും നടത്തി.

## ലിറ്റിൽ കൈറ്റ്സ് ഉപജില്ല ക്യാമ്പ്



കൊടുവള്ളി : കൊടുവള്ളി ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂളിലെ തെരഞ്ഞെടുത്ത 8 ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ കൊടുവള്ളി ഉപജില്ല ക്യാമ്പിൽ പങ്കെടുത്തു. ഡിസംബർ 27,28 തീയതികളിൽ എം ജെ ഹയർ സെക്കൻഡറി സ്കൂളിൽ വച്ചാണ് കൊടുവള്ളി ഉപജില്ല ലിറ്റിൽ കൈറ്റ്സ് ക്യാമ്പ് നടക്കുന്നത്. ആനിമേഷൻ പ്രോഗ്രാമിംഗ് എന്നീ വിഭാഗങ്ങളിലാണ് കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകുന്നത്. ആനിമേഷൻ വിഭാഗത്തിൽ ആനിമേഷൻ, ത്രീഡി ആനിമേഷൻ ,ടൈറ്റിൽ ഗ്രാഫിക്സ്, തീം സ്ക്രിപ്റ്റിംഗ്, വീഡിയോ എഡിറ്റിംഗ് എന്നീ വിഭാഗങ്ങളിലായാണ് പരിശീലനം നടന്നത്. അതുപോലെ പ്രോഗ്രാമിംഗ് വിഭാഗത്തിൽ എ ഐ പ്രോഗ്രാമിംഗ് , ബ്ലോക്ക് കോഡിംഗ്, പൈത്തൺ കോഡിംഗ് ,മെഷീൻ ലേർണിംഗ് ,ആർഡിനോ പരീക്ഷണങ്ങൾ എന്നിവയിൽ കുട്ടികൾക്ക് പ്രത്യേക പരിശീലനം ലഭിച്ചു. അനീബ് വി പി , അസീം മുഹമ്മദ്, മുഹമ്മദ് മിശാൽ ,അഖിന കെ പി എന്നീ കുട്ടികൾ പ്രോഗ്രാമിംഗ് വിഭാഗത്തിൽ പ്രത്യേക പരിശീലനത്തിൽ പങ്കെടുത്തു. അനുഷിമ, ആയിഷ തൻഹ, ആദിൽ റെജുവാൻ, മുഹമ്മദ് സിയാൻ എന്നീ വിദ്യാർത്ഥികൾ ആനിമേഷൻ വിഭാഗത്തിൽ പരിശീലനത്തിൽ പങ്കെടുത്തു.

## യു എസ് എസ് ക്യാമ്പ് സംഘടിപ്പിച്ചു



കൊടുവള്ളി : കൊടുവള്ളി ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂളിൽ ക്രിസ്മസ് അവധിക്കാലത്ത് യുഎസ്എസ് സ്പെഷ്യൽ ക്യാമ്പ് സംഘടിപ്പിച്ചു. ഇഗ്നൈറ്റ്സ് എന്ന പേരിലാണ് തീവ്ര പരിശീലന ക്യാമ്പ് സംഘടിപ്പിച്ചത്. പ്രധാനാധ്യാപകൻ ടി അസീസ് സാർ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. യുഎസ്എസ് കൺവീനർമാരായ നിഷ ടീച്ചർ, സാജിത ടീച്ചർ എന്നിവരുടെ നേതൃത്വത്തിലാണ് ക്യാമ്പ് സംഘടിപ്പിക്കുന്നത്. സമാപന ദിവസത്തിൽ യുഎസ്എസ് മാതൃക പരീക്ഷ നടത്തി.

## സ്കൂൾ പാർലമെൻറ് ഇലക്ഷൻ



കൊടുവള്ളി : കൊടുവള്ളി ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂളിൽ സ്കൂൾ പാർലമെൻറ് ഇലക്ഷൻ നടത്തി. അഞ്ചു മുതൽ 9 വരെ ക്ലാസ്സുകളിൽ സ്വതന്ത്ര സോഫ്റ്റ്‌വെയർ ആയ സമ്മതി ലാപ്ടോപ്പിൽ ഇൻസ്റ്റാൾ ചെയ്തു ഉപയോഗിച്ചാണ് ഇലക്ഷൻ നടത്തിയത്. ക്ലാസ് ടീച്ചർമാരുടെ നേതൃത്വത്തിൽ എല്ലാ ക്ലാസ്സുകളിലും ലീഡർ തെരഞ്ഞെടുപ്പ് നടന്നു. സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ നേതൃത്വത്തിൽ ഉണ്ടാക്കിയ ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ ഉപയോഗിച്ചാണ് പത്താം ക്ലാസിൽ തെരഞ്ഞെടുപ്പ് നടത്തിയത്.ക്ലാസ് ലീഡർമാരുടെ തിരഞ്ഞെടുപ്പിനു ശേഷം സ്കൂൾ ലീഡറെയും മറ്റ് പാർലമെൻററി ഭാരവാഹികളെയും തിരഞ്ഞെടുത്തു. പ്രധാനാധ്യാപകൻ ടി അസീസ് സാറിൻറെ നേതൃത്വത്തിൽ ഹൈസ്കൂൾ വിഭാഗത്തിൽ കെകെ അബ്ദുൽ റഷീദ് സാറും യുപി വിഭാഗത്തിൽ ആതിര ടീച്ചറും സ്കൂൾ പാർലമെൻറ് തിരഞ്ഞെടുപ്പിന്റെ ചുമതലകൾ വഹിച്ചു.

## എസ് പിസി ജില്ലാ ക്യാമ്പ്



കൊടുവള്ളി ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂളിൽ നിന്നും തെരഞ്ഞെടുത്ത ആറ് കുട്ടികൾ എസ്പിസി ജില്ലാ ക്യാമ്പിൽ പങ്കെടുത്തു. ഡിസംബർ 26 മുതൽ ഡിസംബർ 30 വരെ മേമുണ്ട ഹയർ സെക്കൻഡറി സ്കൂളിൽ വച്ചാണ് ജില്ലാ ക്യാമ്പ് നടക്കുന്നത്. മുഹമ്മദ് റിഷാൽ, ഇർഷാദ്, മുഹമ്മദ് അഷ്മിൽ , രുദ്ര, നമ്രത, ഗൗരി നന്ദ എന്നീ കുട്ടികളാണ് അഞ്ചു ദിവസത്തെ എസ്പിസി ജില്ലാ ക്യാമ്പിലേക്ക് തെരഞ്ഞെടുക്കപ്പെട്ടത് . സിപിഒ മാരായ സുബൈദ ടീച്ചർ അബൂബക്കർ സർ എന്നിവരുടെ നേതൃത്വത്തിലാണ് കുട്ടികൾ ക്യാമ്പിൽ പങ്കെടുക്കുന്നത്.

## രക്ഷിതാക്കൾക്കുള്ള പരിശീലനം



കൊടുവള്ളി : കൊടുവള്ളി ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂളിൽ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിൻറെ ആഭിമുഖ്യത്തിൽ രക്ഷിതാക്കൾക്കുള്ള രണ്ടാം ഘട്ട കമ്പ്യൂട്ടർ പരിശീലനം നടന്നു. പത്താം ക്ലാസിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കുള്ള ഗ്രൂപ്പ് പ്രോജക്ടിന്റെ ഭാഗമായാണ് ഈ പരിശീലനം നടത്തിയത്. ഫോൾഡർ നിർമാണം, ലിബർ ഓഫീസ് റൈറ്റർ, ലിബർ ഓഫീസ് കാൽക്ക് രക്ഷിതാക്കളെ പരിചയപ്പെടുത്തി. പത്താം ക്ലാസിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളാണ് ക്ലാസുകൾ കൈകാര്യം ചെയ്തത്. സ്കൂൾ പ്രധാ നാധ്യാപകൻ അസീസ് സാർ പരിശീലനം ഉദ്ഘാടനം ചെയ്തു. പരിശീല നത്തിൽ പങ്കെടുത്ത രക്ഷിതാക്കൾക്ക് പ്രധാനാധ്യാപകൻ ടി അസീസ് സാർ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. ഫിർദൗസ് ബാനു ടീച്ചർ ലിറ്റിൽ കൈറ്റ്സ് മാസ്റ്റർ സി ടി ഗോപകുമാർ സർ മിസ്ട്രസ് റീഷ പി എന്നിവരുടെ നേതൃത്വത്തിലാണ് പരിശീലനം നടന്നത്.

## ഡിസംബർ മാസത്തിലൂടെ.......

ഡിസംബർ 1
യുപി വിഭാഗം വിദ്യാർഥികൾക്കുള്ള ടൂർ ആരംഭിച്ചു. സബ്ജില്ലാ ഗെയിംസിൽ ഓവറോൾ മൂന്നാം സ്ഥാനം ലഭിച്ചു ഗവൺമെൻറ് സ്കൂളുകളിൽ ഒന്നാം സ്ഥാനവും കരസ്ഥമാക്കി. വിദ്യാരംഗം ജില്ലാകലോത്സവ ത്തിൽ അഭിനയ മത്സരത്തിൽ അഫ്ഷാൻ വി പി ഒന്നാം സ്ഥാനം നേടി സംസ്ഥാനതല മത്സരത്തിലേക്ക് യോഗ്യത കരസ്ഥമാക്കി. ലിറ്റിൽ കൈറ്റ്സ് ക്ലാസുകൾ നടന്നു.

ഡിസംബർ 2
ലിറ്റിൽ കൈറ്റ്സ് അംഗങ്ങളായ ആദിൽ റജുവാൻ ,ജാസിബ് എം എം എന്നീ വിദ്യാർത്ഥികൾ ഒരു ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ ഉണ്ടാക്കി.

ഡിസംബർ 3
കെ ജി എം ഒ എ നടത്തുന്ന അമൃതകിരണം മെഡി ഐക്യു ക്വിസ് മത്സരത്തിൽ അശ്വന്ത് സുനീഷും ഫാത്തിമ നിതാ കെ ടി യും പങ്കെടുത്തു. അവർ പങ്കെടുത്ത 120 ടീമുകളിൽ നിന്നും ഏഴാം സ്ഥാനം കരസ്ഥമാക്കി.

ഡിസംബർ 4
സ്കൂൾ പാർലമെൻറ് ഇലക്ഷൻ നടന്നു. 5 മുതൽ 9 വരെ ക്ലാസുകളിൽ സമ്മതി എന്ന ഫ്രീ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് തെരഞ്ഞെടുപ്പ് നടത്തി പത്താം ക്ലാസിൽ ലിറ്റിൽ കൈറ്റ്സ് കുട്ടികൾ തയ്യാറാക്കിയ വോട്ടിംഗ് മെഷീൻ ഉപയോഗിച്ച് തെരഞ്ഞെടുപ്പ് നടത്തി. പത്താം ക്ലാസിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കുള്ള ഒരു മീറ്റിംഗ് നടന്നു. ജില്ലാ കലോത്സവത്തിൽ ഹിന്ദി ഉപന്യാസം മത്സരത്തിൽ നമ്രത എ ഗ്രേഡ് കരസ്ഥമാക്കി.ലോകഭിന്ന ശേഷി മാസാചരണം വിവിധ പരിപാടികളോടെ ആരംഭിച്ചു.സ്റ്റാഫ് മീറ്റിംഗ് നടന്നു.

ഡിസംബർ 5
ജില്ലാ കലോത്സവത്തിൽ യുപി വിഭാഗം ഖുർആൻ പാരായണത്തിൽ ഫൻഹ എ ഗ്രേഡ് കരസ്ഥമാക്കി. ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിൻറെ ആഭിമുഖ്യത്തിൽ രക്ഷിതാക്കൾക്കുള്ള കമ്പ്യൂട്ടർ പരിശീലനം ഐടി ലാബിൽ വച്ച് നടന്നു. ഡിസിപ്ലിൻ കമ്മിറ്റി മീറ്റിംഗ് നടന്നു.

ഡിസംബർ 6
എൻ എം എം എസ് മോഡൽ പരീക്ഷ നടത്തി. ജില്ലാ കലോത്സവത്തിൽ യുപി വിഭാഗം ഹിന്ദി പ്രസംഗം മത്സരത്തിൽ ഷഹജബ് അൻവർ എ ഗ്രേഡ് കരസ്ഥമാക്കി. ഹൈസ്കൂൾ വിഭാഗം ഹിന്ദി പ്രസംഗത്തിൽ നമ്രത എ ഗ്രേഡ് നേടി. ആൺകുട്ടികൾക്കുള്ള നാടോടി നൃത്ത മത്സരത്തിൽ അഭിജാത് എം എ ഗ്രേഡ് കരസ്ഥമാക്കി.

ഡിസംബർ 7
ജില്ലാ കലോത്സവം നടക്കുന്നതിനാൽ ജില്ലയിലെ എല്ലാ സ്കൂളുകൾക്കും അവധി പ്രഖ്യാപിച്ചു.

ഡിസംബർ 8
ലോക ഭിന്നശേഷി മാസാചരണത്തിന്റെ ഭാഗമായി യുപി വിഭാഗം കുട്ടികൾക്കായി പോസ്റ്റർ രചനാ മത്സരം നടത്തി. എൻ എം എം എസ് മോഡൽ പരീക്ഷ നടന്നു എച്ച് എസ് എസ് ആർ ജി മീറ്റിംഗ് നടന്നു. ഉച്ചസമയത്ത് ഇടവേളയിൽ ഐടി ലാബിൽ വച്ച് കൈറ്റ്സ് കുട്ടിക്കൂട്ടം ക്ലാസുകൾ നടന്നു. സ്കൂൾ ലീഡർ ആയി 9 c യിലെ ആയിഷ റിഥയെ തെരഞ്ഞെടുത്തു. സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനായി ഓറഞ്ച് ദ വേൾഡ് ക്യാമ്പയിന്റെ ഭാഗമായി വൈകുന്നേരം എസ്പിസി ക്യാഡറ്റ്കളുടെ നേതൃത്വത്തിൽ ഫ്ലാഷ് മോബ് അവതരിപ്പിച്ചു. എസ് പിസി കേഡറ്റ്സ് മയക്കുമരുന്ന് വിരുദ്ധ സന്ദേശവുമായി ഒരു ഷോർട്ട് ഫിലിം തയ്യാറാക്കി.

ഡിസംബർ 9
സ്കൂളിലെ അടൽ ടിങ്കറിംഗ് ലാബിൽ കുട്ടികൾക്കായി ക്ലാസുകൾ നടന്നു.

ഡിസംബർ 11
എൻ എം എം എസ് പരീക്ഷ സ്കൂളിൽ നടക്കുന്നതിനാൽ ക്ലാസ്സുകൾക്ക് അവധി.

ഡിസംബർ 12
ട്രെയിനിങ്ങിന് വന്ന അധ്യാപകരുടെ സെൻറ് ഓഫ് പരിപാടി നടന്നു . എൻ എം എം എസ് സ്കോളർഷിപ്പ് ലഭിച്ച അനന്യയെ വീട്ടിലെത്തി അനുമോദിച്ചു.

ഡിസംബർ 13
അർദ്ധ വാർഷിക പരീക്ഷ ആരംഭിച്ചു. പത്താം ക്ലാസിലെ രക്ഷിതാക്കൾക്കുള്ള പ്രത്യേക ബോധവൽക്കരണ ക്ലാസ് ഹയർ സെക്കൻഡറി ഓഡിറ്റോറിയത്തിൽ വച്ച് നടന്നു.

ഡിസംബർ 14
യുപി വിഭാഗം അധ്യാപകൻ കെ എൻ ബഷീർ സാറിന് പ്രമോഷൻ ട്രാൻസ്ഫർ ലഭിച്ചു.


ഡിസംബർ 21
അർദ്ധ വാർഷിക പരീക്ഷ അവസാനിച്ചു. എട്ടാം ക്ലാസിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കുള്ള ക്ലാസുകൾ നടന്നു.

ഡിസംബർ 22
ലിറ്റിൽ കൈറ്റ്സ് ക്ലാസുകൾ നടന്നു .ലോക ഗണിത ദിനത്തോടനുബന്ധിച്ച് വിവിധ പരിപാടികൾ സംഘടിപ്പിച്ചു . ഇഗ്നൈറ്റ്സ് എന്ന പേരിൽ ഡിസംബർ 22 മുതൽ 30 വരെ യു എസ് എസ് വെക്കേഷൻ ക്യാമ്പ് ആരംഭിച്ചു . ക്രിസ്തുമസ് ആഘോഷം നടന്നു ..

ഡിസംബർ 23
പോളിടെക്നിക് കോളേജിലെ എൻഎസ്എസ് അംഗങ്ങൾക്കുള്ള ക്യാമ്പ് ഡിസംബർ 22 മുതൽ 28 ആം തീയതി വരെ സ്കൂളിൽ നടന്നു.
സ്റ്റാഫ് മീറ്റിംഗ് നടന്നു.

ഡിസംബർ 26
തെരഞ്ഞെടുത്ത ആറ് എസ് പി സി കേഡറ്റുകൾ മേമുണ്ട ഹയർസെക്കൻഡറി സ്കൂളിൽ വച്ച് നടക്കുന്ന എസ്പിസി ജില്ലാ ക്യാമ്പിൽ പങ്കെടുക്കുന്നു.ഹെൽത്ത് ഡിപ്പാർട്മെന്റ് സ്കൂളുകളിൽ കുട്ടികൾ ക്ക് കൊടുക്കുന്ന പരിശീലനപരിപാടി യായ കുട്ടി ഡോക്ടർ പരിപാടിയിൽ എട്ടാം ക്ലാസിലെ നസ്രിയ ഫാത്തിമ ,ഫാത്തിമ ഷാദിയ എന്നീ രണ്ടു കുട്ടികൾ പങ്കെടുത്തു. യുഎസ്എസ് മാതൃക പരീക്ഷ നടത്തി

ഡിസംബർ 27 ,28 തീയതികളിൽ തെരഞ്ഞെടുത്ത ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കുള്ള ഉപജില്ലാ ക്യാമ്പിൽ എട്ടു കുട്ടികൾ പങ്കെടുത്തു.
ഡിസംബർ 29 ,30 സ്കൂളിൽ വെച്ച് കേഡറ്റ് എക്സാം നടന്നു.






## ഫ്ലാഷ് മോബ്




കൊടുവള്ളി: കൊടുവള്ളി ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂളിൽ എസ്പിസിയുടെ നേതൃത്വത്തിൽ ഫ്ലാഷ് മോബ് സംഘടിപ്പിച്ചു. വനിതാ ശിശുക്ഷേമ വകുപ്പിന്റെ ആഭിമുഖ്യത്തിൽ സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് വേണ്ടി സംഘടിപ്പിക്കുന്ന ഓറഞ്ച് ദ വേൾഡ് എന്ന പ്രോഗ്രാമിന്റെ ഭാഗമായാണ് എസ് പി സി കേഡറ്റുകൾ ഫ്ലാഷ് മോബ് അവതരിപ്പിച്ചത്. എസ് പി സി ജൂനിയർ സീനിയർ വിദ്യാർത്ഥികൾ ഫ്ലാഷ് മോബിൽ പങ്കെടുത്തു. സീനിയർ വിദ്യാർത്ഥികളായ അൽഹാ നെഹ്റിൻ ആയിഷ റിഥ, ഫാത്തിമ അഫ്രീൻ ജൂനിയർ വിദ്യാർത്ഥികളായ അൽഷിഫ ,ശിവനന്ദ നിവേദിത ,സാൻവി, ദേവനന്ദ, ഫാത്തിമ ഇഷ ,ഫാത്തിമ ഹുസ്ന എന്നിവരാണ് ഫ്ലാഷ് മോബിൽ പങ്കെടുത്തത്.

## രക്ഷിതാക്കൾക്കുള്ള ബോധവൽക്കരണ ക്ലാസ്




കൊടുവള്ളി : കൊടുവള്ളി ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂളിൽ പത്താം ക്ലാസിലെ വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്ക് പ്രത്യേക പേരെന്റൽ അവയർനസ് ക്ലാസുകൾ നൽകി. ഡോക്ടർ മനു സുരേന്ദ്രനാണ് ക്ലാസ്സുകൾ കൈകാര്യം ചെയ്തത് . സ്കൂൾ കൗൺസിലർ ദിവ്യ ടീച്ചർ സ്വാഗതം പറഞ്ഞ ചടങ്ങിൽ പിടിഎ പ്രസിഡണ്ട് അബ്ദുൾ നാസർ ടിപി അധ്യക്ഷനായി. സ്കൂൾ പ്രധാന അധ്യാപകൻ ടി അസീസ് സർ ക്ലാസ് ഉദ്ഘാടനം ചെയ്തു. മുൻ പിടിഎ പ്രസിഡണ്ടും പിടിഎ എക്സിക്യൂട്ടീവ് അംഗവുമായ അബ്ദുൽ റഷീദ് ആർ വി ,എസ് എം സി ചെയർമാൻ മുഹമ്മദ് കുണ്ടുങ്ങര എന്നിവർ ചടങ്ങിൽ ആശംസകൾ അർപ്പിച്ചു. നൂറോളം രക്ഷിതാക്കൾ ക്ലാസ്സിൽ പങ്കെടുത്തു.

## ഡിസംബർ മാസത്തിലെ മിന്നും താരങ്ങൾ

































ആദിൽ റജുവാൻ ജാസിബ് എം എം ,അവർ തയ്യാറാക്കിയ ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുമായി



എൻ എം എം എസ് സ്കോളർഷിപ്പ് ലഭിച്ച അനന്യയെ 'അവളുടെ വീട്ടി ലെത്തി ഉപഹാരം സ്കൂൾ ടീം നൽകി യപ്പോൾ

## ഫോട്ടോ ഗാലറി ജി എച്ച് എസ് എസ് കൊടുവള്ളി ഡിസംബർ 2023



അസംബ്ലിയിലെ അനുമോദന ചടങ്ങിൽ നിന്നും



യു എസ് എസ് ക്യാമ്പിൽ നിന്നും



യുപി വിഭാഗം കുട്ടികൾക്കുള്ള ടൂറിൽ നിന്നും

കുട്ടി ഡോക്ടർ പരിപാടിയിൽ പങ്കെടുക്കുന്ന ഫാത്തിമ ശാദിയ, നസ്രിയ ഫാത്തിമ

യുഎസ്എസ്,എൻ എം എം എസ് മോഡൽ പരീക്ഷയിൽ നിന്നും

ഈ മാസത്തെ വിവിധ ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങളിലൂടെ